**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2709** **02-08-2021 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തെ ഭവനരഹിതരായ കുടുംബങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | **Shri M. V. Govindan Master**<br>**(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ഭവനരഹിതരായ എത്ര കുടുംബങ്ങളുണ്ട്; ജില്ല തിരിച്ച് വിശദാംശം ലഭ്യമാക്കുമോ; | (എ) | ലൈഫ് മിഷൻ പദ്ധതി പ്രകാരം നിലവിൽ ഭവനരഹിതരായ കുടുംബങ്ങളുടെ എണ്ണം ജില്ലതിരിച്ച് ചുവടെ ചേർക്കുന്നു. |
| (ബി) | ബാങ്കുകൾ മറ്റിതര ധനകാര്യസ്ഥാപനങ്ങൾ എന്നിവയുടെ ജപ്തിമൂലം വീട് നഷ്ടപ്പെട്ടവർ എത്ര; വിശദാംശം ജില്ല തിരിച്ച് ലഭ്യമാക്കുമോ; | (ബി) | എണ്ണം കണക്കാക്കപ്പെട്ടിട്ടില്ല. |
| (സി) | ജപ്തി വഴി കിടപ്പാടം നഷ്ടപ്പെടുന്നത് തടയുവാനും ഒരു സെന്റിലും അര സെന്റിലും പ്ലാസ്റ്റിക് ഷീറ്റും മറ്റു മറകളുമായി താമസിയ്ക്കുന്നവർക്ക് ഉൾപ്പെടെ സ്വന്തമായൊരു വീട് നല്കുന്നതും പരിഗണിച്ച് സ്വന്തമായി വീട് എന്ന സ്വപ്നം സാക്ഷാത്കരിക്കാനായി കഴിഞ്ഞ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്നും ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നു എന്നും വ്യക്തമാക്കുമോ? | (സി) | ജപ്തി വഴി കിടപ്പാടം നഷ്ടപ്പെടുന്നത് തടയുവാനുള്ള നടപടി സ്വീകരിക്കേണ്ടത് റവന്യൂ വകുപ്പാണ്. തദ്ദേശസ്വയംഭരണ വകുപ്പിന്റെ 31.07.2017-ലെ സ.ഉ (എം.എസ്) നം. 151/2017/ത.സ്വ.ഭ.വ ഉത്തരവിൽ പ്രതിപാദിച്ചിട്ടുള്ള 6 അർഹതാ മാനദണ്ഡങ്ങളുടെയും 9 ക്ലേശഘടകങ്ങളുടെയും 06.09.2019-ലെ സ.ഉ (സാധാ)നം. 1946/2019/ ത.സ്വ.ഭ.വ നമ്പർ ഉത്തരവിൽ പ്രതിപാദിച്ചിട്ടുള്ള ഇളവുകളുടെയും അടിസ്ഥാനത്തിലാണ് ലൈഫ് ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണത്തിനുള്ള ആനുകൂല്യം നൽകി വരുന്നത്. ഇത്തരത്തിൽ സമൂഹത്തിന്റെ നാനാതുറയിലുള്ള എല്ലാ വിഭാഗം കുടുംബങ്ങളെയും പരിഗണിച്ചുകൊണ്ട് 2,62,131 വീടുകളാണ് കഴിഞ്ഞ 5 വർഷത്തിനുള്ളിൽ ലൈഫ് മിഷൻ മുഖേന നിർമ്മിച്ചത്. വരുന്ന 5 വർഷം കൊണ്ട് ഭവനരഹിതരായിട്ടുള്ള 5 ലക്ഷം കുടുംബങ്ങൾക്ക് വീട് നൽകുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ